(ഐ) വനം വകുപ്പിന്റെ എൻ.ഒ.സി. നിഷേധിച്ചശേഷവും പ്രവർത്തിക്കുന്ന ചന്ദനഫാക്ടറികളുടെ ലൈസൻസ് റദ്ദാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടണ്ട്. ലൈസൻസ് റദ്ദ് ചെയ്യാനുള്ള അധികാരം ലൈസൻസ് നൽകിയ പഞ്ചായത്തുകൾക്കാണ്.

കണ്ണൂർ ജില്ലയിലെ ചന്ദന ഫാക്ടറികൾ

113 (1168) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എത്ര ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ടി ഫാക്ടറികൾക്ക് മുഴുവൻ ലൈസൻസ് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ, അനധികൃത ചന്ദന ഫാക്ടറികൾ നിർത്തലാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ആവശ്യമായ ലൈസൻസ് ഇല്ലാത്ത എത്ര ചന്ദന ഫാക്ടറികൾ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) രണ്ട്.

(ബി) ഫാക്ടറികൾക്ക് ലൈസൻസ് നൽകേണ്ടത് വനം വകുപ്പല്ല. എന്നാൽ പ്രസ്തുത രണ്ട് ഫാക്ടറികൾക്കും വനം വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകിയിട്ടില്ല.

(സി) പ്രസ്തുത ഫാക്ടറികളുടെ ലൈസൻസ് റദ്ദാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തധികൃതർക്കും ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പു ഡയറക്ടർക്കും കത്തെഴുതിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ രണ്ട് ഫാക്ടറികൾ പ്രവർത്തിച്ചു വരുന്നു.

കമ്പനികൾക്ക് അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിന് ഗവൺമെന്റും കമ്പനികളുമായി ഉണ്ടാക്കിയ കരാർ

114 (1169) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡിന് മുള മുതലായ അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിനെപ്പറ്റി കേരള ഗവൺമെന്റും കമ്പനിയും തമ്മിൽ ഉണ്ടാക്കിയ കരാർ അനുസരിച്ച് അസംസ്കൃത പദാർത്ഥങ്ങൾ മുഴുപയോഗപ്പെടുത്തുകയോ നശിച്ചു പോവുകയോ ചെയ്താൽ അന്ന് നിലവിലുള്ള മാർക്കറ്റ് വില കണക്കാക്കി കമ്പനി ഗവൺമെന്റിലേക്ക് പണമടയ്ക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ 2001-ൽ ഉപയോഗശൂന്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില ഗവൺമെന്റ് കമ്പനിയുടെ പക്കൽനിന്നും സർക്കാർ ഈടാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത കരാർ വ്യവസ്ഥകൾ ലംഘിച്ചതിന്റെ ഫലമായി കോടിക്കണക്കിന് രൂപ ഗവൺമെന്റിന് നഷ്ടം ഉണ്ടായിയിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പൊതു ഖജനാവിൽ വരേണ്ടപണം കമ്പനിയുടെ പക്കൽ നിന്നും ഈടാക്കാതെ നഷ്ടപ്പെടുത്തിയതിന് ഉത്തരവാദികൾ ആരൊക്കെയാണെന്നു വ്യക്തമാക്കാമോ ;

(ഇ) ടി നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത നഷ്ടം കമ്പനിയിൽ നിന്നും ഈടാക്കുന്നതിന് ഗവൺമെന്റ് നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ജി) അന്നത്തെ കമ്പോള നിരക്കനുസരിച്ച് ഗവൺമെന്റ് സൗജന്യ നിരക്കിൽ നൽകിയ ഉപയോഗശൂന്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില എത്രയാണെന്നു വ്യക്തമാക്കാമോ ;

(എച്ച്) കരാർ നടപ്പാക്കാത്തതിന്റെ പിന്നിൽ കോടിക്കണക്കിനു രൂപയുടെ അഴിമതി നടന്നതായി ചില വാർത്താമാധ്യമങ്ങളിൽ വന്നിട്ടുള്ള ആക്ഷേപങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എപ്പോഴാണ് വന്നിട്ടുള്ളതെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉപയോഗശൂന്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില കമ്പനിയിൽ നിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി & ഇ) കരാർ പ്രകാരം കമ്പനിക്കു നൽകിയ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കാതെ വന്നതുമൂലമുണ്ടായ നഷ്ടത്തിന് ഉത്തരവാദി കമ്പനി മാത്രമാണ്. ആയത് കരാറിലെ വ്യവസ്ഥകൾ പ്രകാരം തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) പ്രസ്തുത നഷ്ടം കമ്പനിയിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) സർക്കാർ കമ്പനിക്കു സൗജന്യ നിരക്കിൽ നൽകിയ 131446 മെ. ടൺ അസംസ്കൃത പദാർത്ഥങ്ങളുടെ അന്നത്തെ കമ്പോളവില (സെല്ലിങ് പ്രൈസ് ആക്റ്റ് പ്രകാരമുള്ള വില) (നികുതി ഒഴികെ) 12,21,31,010 രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

(എച്ച്) കമ്പനിയുമായുള്ള കരാർ നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് കമ്പനിയിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നത്. എന്നാൽ ഈ വിഷയത്തിൽ 2002 ജൂലായ് മാസത്തിൽ ചില പത്രങ്ങളിൽ വന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സ്പോർട്സ് വികസനം

115 (1171) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോർട്സ് വികസനത്തിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ സ്പോർട്സ് വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് കായിക വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ജില്ലാടിസ്ഥാനത്തിലും ലോകസഭ അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്. 50% കേന്ദ്ര ധനസഹായ പദ്ധതി വിഹിതം, എം. പി. മാരുടേയും എം. എൽ.എ. മാരുടേയും വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, കേരള സ്പോർട്സ് കൗൺസിൽ ഫണ്ട് എന്നിവ ഉപയോഗിച്ച് പാർലമെന്ററി/ അസംബ്ലി നിയോജക മണ്ഡലങ്ങൾ, താലൂക്ക് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ, അതാത് സ്ഥലങ്ങളിൽ പ്രചാരമേറിയ കായികയിനത്തിന് മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കത്തക്ക തരത്തിൽ വിവിധ കളിയിനങ്ങൾക്കായി കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനും പുറമെ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഒരു സ്റ്റേഡിയം എന്ന കണക്കിന് കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഗ്രാമീണ

LIBRARY ARCHIVES Kerala Legislative Assembly